പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 671 — 30.06.2016 ന് മറുപടിയ്ക്ക്.

ബേപ്പൂരിലെ സർക്കാർ ഐ.ടി.ഐ ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. കെ. സി. മമ്മത് കോയ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബേപ്പൂരിലെ സർക്കാർ ഐ.ടി.ഐ ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 1.20 ഏക്കർ സ്ഥലം നൽകുവാൻ ബേപ്പൂർ പഞ്ചായത്ത് തീരുമാനിക്കുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടും ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുവാൻ തയ്യാറാകുമോ; | (എ) ഉണ്ട്. റവന്യൂ നടപടികൾ അവശേഷിക്കുന്നുണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ ടി ഐ ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്വന്തം കെട്ടിടത്തിൽ ഐ.ടി.ഐ യ്ക്ക് എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇതിനു വേണ്ടി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ? | (ബി) ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ട്രെയിനിംഗ് വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനു വേണ്ടി ബേപ്പൂർ ഐ.ടി.ഐ പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ